**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2105 — 18/06/2013 ൽ മറുപടിയ്ക്ക്

## ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.എ. അസീസ് | | സി.എൻ. ബാലകൃഷ്ണൻ<br>സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി |
| (എ) മലിനീകരണ നിയന്ത്രണ വകുപ്പിന് കീഴിൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല. സ്വകാര്യ സംരംഭകർ സ്ഥാപിക്കുന്ന പൊതു ബയോ മെഡിക്കൽ സംസ്കരണ പ്ലാന്റുകൾക്ക് സാമ്പത്തിക സഹായം നൽകാനാണ് പദ്ധതിയുള്ളത്. |
| (ബി) എങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത്; പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നും വ്യക്തമാക്കുമോ? | (ബി) | മേൽപറഞ്ഞ പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ അമ്പലമേട്ടിൽ പ്ലാന്റ് സ്ഥാപിക്കാൻ പദ്ധതി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അടങ്കൽ തുക 4.568 കോടിയാണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സബ്സിഡി സംബന്ധിച്ച തീരുമാനം അറിഞ്ഞശേഷം ഈ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

8